# പതിനാലാം കേരള നിയമസഭ
# (നാലാം സമ്മേളനം)

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:104 02.03.2017-ൽ മറുപടിയ്ക്ക്

## മത്സ്യമാർക്കറ്റുകളുടെ നിയന്ത്രണം

ചോദ്യം

ശ്രീ. എൻ .എ.നെല്ലിക്കുന്ന്
ശ്രീ. മഞ്ഞളാംകുഴി അലി
ശ്രീ. സി.മമ്മൂട്ടി
ശ്രീ. കെ.എം.ഷാജി

എ) മത്സ്യമാർക്കറ്റുകളുടെ നിയന്ത്രണത്തിനായി എന്തെങ്കിലും നടപടികൾ ആലോചിക്കുന്നുണ്ടോ യെന്നും ഇതിനായി ഏതെങ്കിലും തരത്തിലുള്ള നിയമനിർമ്മാണം പരിഗണനയിലുണ്ടോയെന്നും വ്യക്തമാക്കുമോ;

ബി) മത്സ്യമാർക്കറ്റുകൾ ആധുനികവത്കരിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ;

സി) മത്സ്യലേലത്തിലെ അപാകതകൾ പരിഹരിക്കുന്നതിനും ഇടത്തട്ടുകാരുടെ ഇടപെടൽ ഇല്ലാതാക്കുന്നതിനും എന്തെങ്കിലും നടപടികൾ പരിഗണിക്കുന്നുണ്ടോയെന്നും മത്സ്യലേലം കുറ്റമറ്റതാക്കുന്നതിന് ഉതകുന്ന തരത്തിലുള്ള നിയമനിർമ്മാണം പരിഗണനയിലുണ്ടോയെന്നും വിശദമാക്കുമോ?

മറുപടി

ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി):

എ), ബി) & സി) മത്സ്യ വിൽപന നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് ശുചിത്വം ഉറപ്പാക്കി മത്സ്യവിൽപന നടത്തുന്നതിന് സൗകര്യപ്രദമാകുന്ന വിധത്തിൽ മാർക്കറ്റുകളിൽ ബാത്ത് റൂം സൗകര്യം, ഡ്രെസ്സിംഗ് റൂം, ശുദ്ധജലം, സ്റ്റോറേജ് സൗകര്യം എന്നിവ ഒരുക്കുന്ന വിധത്തിൽ തുടക്കമെന്ന നിലയിൽ ഓരോ ജില്ലകളിലും ഒന്ന് എന്ന ക്രമത്തിൽ ഹൈടെക്ക് മാർക്കറ്റുകൾ നടപ്പാക്കുന്നതിന് എൻ.എഫ്.ഡി.ബി.-യുടെ ധനസഹായത്തോടെ പദ്ധതി തയ്യാറാക്കി വരുന്നു. മത്സ്യം കേടാകാതിരിക്കാൻ വേണ്ടി ഹാനികരമായ പല രാസവസ്തുക്കളും ചേർത്തതായും അത്തരം മത്സ്യം വിൽപന നടത്തുന്നതായും ശ്രദ്ധയിൽപ്പെട്ടതനുസരിച്ച് ഭക്ഷ്യ സുരക്ഷാ വിഭാഗവും ഫിഷറീസ് വകുപ്പുമായി ചേർന്ന് എല്ലാ ജില്ലകളിലും സംയുക്ത പരിശോധനാ സ്ക്വാഡുകൾ രൂപീകരിക്കുകയും, മാർക്കറ്റുകളിലും, ഫിഷിംഗ് ഹാർബറുകളിലും, ഫിഷ് ലാന്റിംഗ് സെന്ററുകളിലും പരിശോധന നടത്തുകയും

ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ച് വരികയുമാണ്. പരിശോധന സമയത്ത് ശേഖരിക്കുന്ന സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന്റെ ലാബുകളിൽ പരിശോധന നടത്തി കുറ്റക്കാർക്കെതിരെ നിലവിലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്റ്റ് പ്രകാരം ശിക്ഷണ നടപടികൾ സ്വീകരിച്ചു വരുന്നു. മത്സ്യ ലേലം, വിൽപന, ഗുണനിലവാരം ഉറപ്പ് വരുത്തൽ എന്നീ ലക്ഷ്യത്തോടെ Fish Auctioning, Marketing and Quality Management 2017 എന്ന പേരിൽ ഒരു ബില്ല് തയ്യാറാക്കി വരുന്നു.

സെക്ഷൻ ആഫീസർ